# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1610** **2-7-2015 ലെ മറുപടിയ്ക്ക്**

## ആധുനിക വാതകാധിഷ്ടിത ശ്മശാനം

| ചോദ്യം<br>ശ്രീ. എം. ഹംസ | | മറുപടി<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലാണ് മോഡേൺ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നത് എന്ന് വിശദീകരിക്കുമോ; | (എ) | ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ലെക്കിടി പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലും ബഹു. ഒറ്റപ്പാലം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്തിലും മോഡേൺ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നുണ്ട്. |
| (ബി) | ഓരോ ക്രിമറ്റോറിയത്തിനും എത്ര തുകയാണ് നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന മോഡേൺ ശ്മശാനത്തിന് 86,00,000/- രൂപയും കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന മോഡേൺ ശ്മശാനത്തിന് 1,00,80,000/- രൂപയുമാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | എന്നത്തേക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയും എന്നാണ് അനുമാനിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന മോഡേൺ ശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തികൾ പാലക്കാട് ജില്ലാ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക അനുമതി ലഭിച്ച ശേഷം ശുചിത്വ മിഷനിൽ നിന്നും അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പെട്ടെന്ന് ഇ-ടെണ്ടർ നടത്തി തുടങ്ങുന്നതാണ്.<br>കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന മോഡേൺ ശ്മശാനത്തിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ